പട്ടികജാതിക്കാർക്കുള്ള സംവരണം

1055 [1966] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ ജനസംഖ്യാവർദ്ധനവ് അനുസരിച്ച് അവർക്കുള്ള സംവരണ ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അവർക്കു നിലവിലുള്ള സംവരണശതമാനത്തിൽനിന്നും മുമ്പ് പട്ടികജാതി ലിസ്റ്റിൽപ്പെടാതിരുന്ന സമ്പന്നവിഭാഗങ്ങൾക്കുകൂടി സംവരണം നൽകുന്നതുകൊണ്ട് അവർക്കുണ്ടാകുന്ന നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മലബാറിലെ തണ്ടാർ വിഭാഗത്തെക്കൂടി പട്ടികജാതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഗവൺമെന്റ് പുറപ്പെടുവിച്ച ഓർഡർമൂലം ഈ വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് ജോലി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പട്ടികജാതിക്കാർക്കു ദ്രോഹകരമായ ഈ ഓർഡർ പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഇല്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇതിനു നിർവ്വാഹമില്ല.

ഉദ്യോഗനിയമനങ്ങളിലെ ഹരിജൻ സംവരണം

1056 [1967] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി–പട്ടികവർഗ്ഗങ്ങൾക്ക് ഉദ്യോഗനിയമനങ്ങൾക്ക് ഇന്ന് എത്ര ശതമാനമാണ് സംവരണം?

ഉത്തരം

പട്ടികജാതിക്കാർക്ക്—5 ശതമാനം, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 2 ശതമാനം.

ജില്ലാ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച ഹരിജൻ കോളനികൾ

1057 [1968] ശ്രീ. സി. ടി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര ഹരിജൻ കോളനികൾ ജില്ലാ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചിട്ടുണ്ട്;

(ബി) പഞ്ചായത്തടിസ്ഥാനത്തിൽ അംഗീകരിച്ച ഹരിജൻ കോളനികളുടെ പേരും ഓരോ കോളനിയിലും നിലവിലുള്ള വീടുകളുടെ എണ്ണവും ആ വീടുകളിൽ ആകെയുള്ള ആളുകളുടെ എണ്ണവും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly